LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൈലം ഗ്രാമപഞ്ചായത്ത് വക കളിസ്ഥലം മൾട്ടി പർപ്പസ് സ്റ്റേഡിയമാക്കി മാറ്റുന്നതുസംബന്ധിച്ച് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് തയ്യാറാക്കിയ 1,03,80,000 രൂപയുടെ എസ്റ്റിമേറ്റും പ്ലാനും കായികയുവജനകാര്യ ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത മാസ്റ്റർപ്ലാൻ കായികയുവജനകാര്യ ഡയറക്ടറുടെ പരിഗണനയിലാണ്.

കായിക മേഖലയിൽ പ്രോത്സാഹനം

264 (2008) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്കും സ്കൂൾ-കോളേജുകൾക്കും കൂടുതൽ പ്രോത്സാഹനം ലഭിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്ന മലയാളി താരങ്ങൾക്ക് പ്രത്യേക ക്യാഷ് അവാർഡും സർക്കാർ ജോലിയും നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) കായിക താരങ്ങൾക്ക് മികച്ച പരിശീലനം ലഭിക്കുന്നതിന് എല്ലാ ജില്ലകളിലും കുറഞ്ഞത് അന്തർദേശീയ നിലവാരമുള്ള ഒരു സ്റ്റേഡിയം വീതം നിർമ്മിച്ച് നൽകുന്നതിന് നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും, ഓരോ കായിക താരങ്ങൾക്കും, അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും, വിദഗ്ധ പരിശീലനം നൽകുന്നതിനും വേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

അപ്രകാരം മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 23 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്കൂൾ, കോളേജ്

മാനേജ്മെന്റുകളുടെ സഹകരണത്തോടുകൂടി 41 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും 22 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. 2015-16 അദ്ധ്യയന വർഷത്തിൽ പുതിയ സ്പോർട്സ് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സ്കൂൾ-കോളേജ് സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങളുടെ നിലവിലെ ദിനബത്ത കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ-കോളേജ് തലത്തിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായി പദ്ധതികൾ നിലവിലുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്കൂൾ-കോളേജ് തലങ്ങളിലെ 14-നും 20-നും മദ്ധ്യേ പ്രായമുള്ള കായികതാരങ്ങൾക്ക് പ്രോത്സാഹനാർത്ഥം ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്പോർട്സ് സ്കോളർഷിപ്പ് ഈ വർഷം മുതൽ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയവർക്ക് യഥാക്രമം 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ ക്രമത്തിലും, ടീം ഇനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയവർക്ക് 2 ലക്ഷം, 1.5 ലക്ഷം, 1 ലക്ഷം എന്ന ക്രമത്തിലും ക്യാഷ് അവാർഡ് വിതരണം ചെയ്യുകയുണ്ടായി. 35-ാമത് ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയവർക്കും, ടീം ഇനങ്ങളിൽ സ്വർണ്ണ മെഡൽ നേടിയവർക്കും (നിലവിൽ ജോലി ഇല്ലാത്തവർക്ക്) സർക്കാർ ജോലി നൽകുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. കൂടാതെ, ടീം ഇനങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ കായിക താരങ്ങളിൽ ജോലിയില്ലാത്തവർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പിന്റെ നിയന്ത്രണത്തിൽ വർഷംതോറും, 50 കായിക താരങ്ങൾക്ക് അവരുടെ കായിക നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് ജോലി നൽകിവരുന്നു. 2010 മുതൽ 2014 വരെയുള്ള 249 സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കായി സർക്കാർ ഓൺലൈൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ നടന്നുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

1436/2018.

LIBRARY ARCHIVES Kerala Legislative Assembly